## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1278 07.06.2018 - ൽ മറുപടിക്ക്**

## ദേവികുളത്തെ നിർമ്മാണ പ്രവൃത്തികൾ

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| **ശ്രീ. എസ്. രാജേന്ദ്രൻ :** | | **ശ്രീ. ജി. സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** | |
| (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മൂന്നാർ ഫ്ലൈ ഓവർ നിർമ്മാണം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; | (എ) | അലൈൻമെന്റ് സർവ്വേ പൂർത്തിയാക്കി സോയിൽ ഇൻവെസ്റ്റിഗേഷൻ നടപടികൾ പുരോഗമിക്കുന്നു. |
| (ബി) | പ്രസ്തുത ഫ്ലൈ ഓവറിന്റെ നിർമ്മാണം ആരംഭിക്കുന്നതിനായി എന്തൊക്കെ പ്രവൃത്തികളാണ് അവശേഷിക്കുന്നത് എന്ന് വ്യക്തമാക്കാമോ ; | (ബി) | ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി, പ്രോജക്ട് പ്രിപ്പറേഷൻ യൂണിറ്റിൽ സമർപ്പിച്ചതിനുശേഷം, ഡിസൈനും, ഡി. പി. ആർ - ഉം തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കേണ്ടതും ആയതിൻ പ്രകാരം കിഫ്ബിയിൽ നിന്നും ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുവാൻ കഴിയുകയുള്ളൂ. |
| (സി) | ദേവികുളം മണ്ഡലത്തിലെ അടിമാലി, മറയൂർ എന്നിവിടങ്ങളിൽ പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസ് നിർമ്മിക്കുന്നതിന് വകുപ്പിന് എന്തെങ്കിലും പദ്ധതിയുണ്ടോ എന്നറിയിക്കാമോ ? | (സി) | 2018 - 2019 വർഷത്തെ കേരള ബഡ്ജറ്റിൽ ഭരണാനുമതിയില്ലാത്ത മരാമത്ത് പണികളിൽ അടിമാലി റസ്റ്റ് ഹൗസിന് 100/- രൂപയും, മറയൂർ റസ്റ്റ് ഹൗസിന് 100/- രൂപയും ടോക്കൺ പ്രൊവിഷനായി വകയിരുത്തിയിട്ടുണ്ട്. എന്നാൽ ഈ റസ്റ്റ് ഹൗസുകൾ നിർമ്മിക്കുന്നതിനുള്ള സ്ഥലം നിലവിൽ ലഭ്യമല്ല. |

S Bindu

**സെക്ഷൻ ഓഫീസർ**